**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4372** **28-10-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ ബാങ്കിലെ ക്രമക്കേടിൽ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ 2016-21 കാലയളവിലെ ഏതെല്ലാം വർഷത്തെ ഓഡിറ്റാണ് സഹകരണ വകുപ്പ് ഓഡിറ്റർമാർ പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ; ഏതെല്ലാം വർഷങ്ങളിൽ സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചുവെന്ന് തീയതി സഹിതം വെളിപ്പെടുത്തുമോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2019-20 സാമ്പത്തിക വർഷം വരെയുള്ള ആഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2018-19 വർഷത്തെ ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ട് 20.08.2019 തീയതിയിലും 2019-20 വർഷത്തെ ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ട് 03/03/2021 തീയതിയിലും ലഭിച്ചിട്ടുണ്ട്. |
| (ബി) | സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) | 2018-19, 2019-20 എന്നീ വർഷങ്ങളിലെ ആഡിറ്റിൽ സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാന ത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. |
| (സി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണനിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിച്ച തീയതി എന്നിവ അറിയിക്കുമോ; | (സി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് 31/08/2019 തീയതിയിൽ ഉത്തരവ് പുറപ്പെടുവിക്കുകയും 19/10/2020 തീയതിയിൽ അന്വേഷണ റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് അലംഭാവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. |
| (ഇ) | റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം നടപടി സ്വീകരിക്കാതെ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (ഇ) | ബാങ്കിൽ നടന്ന ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിലും അന്വേഷണ റിപ്പോർട്ടുകളിൽ സമയബന്ധിതമായി നടപടി എടുക്കുന്നതിലും വീഴ്ച വരുത്തിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ സഹകരണ വകുപ്പിലെ 16 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബാങ്കിൽ നടന്ന ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിലും അന്വേഷണ റിപ്പോർട്ടുകളിൽ സമയബന്ധിതമായി നടപടി എടുക്കുന്നതിലും വീഴ്ച വരുത്തിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ സഹകരണ വകുപ്പിലെ 16 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |
| (എഫ്) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പാക്രമക്കേട് സംബന്ധിച്ച് ലഭിച്ച പരാതികളും അതിന്മേൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളും വിശദമാക്കുമോ; | (എഫ്) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ ക്രമക്കേട് സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാന ത്തിൽ സഹകരണ നിയമം 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തര വായിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ ഭരണസമിതി അംഗ ങ്ങളായ 12 പേരും ബാങ്കിലെ ജീവനക്കാരായ 4 പേരും ബാങ്കിലെ ഒരു അംഗവും കുറ്റക്കാരാണെന്ന് കണ്ടെത്തി യിട്ടുണ്ട്. 22/07/2021 ന് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തുന്നതിനായി 06/07/2021 തീയതിയിൽ ഉത്തരവായിട്ടുണ്ട്. 24/07/2021 ലെ സ.ഉ.(സാധാ) നം.451/2021/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങൾ അടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി വരുകയാണ്. പ്രസ്തുത സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ അഴിമതി കണ്ടെത്തുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സഹകരണ വകുപ്പിലെ 16 ഉദ്യോഗ സ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റാരോപിതരായ വിരമിച്ച ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. ബാങ്കിലെ ക്രമക്കേടുകൾ കണ്ടെത്തുന്ന തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ച സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് 10/09/2021-ലെ സ.ഉ.(സാധാ)നം.549/ 2021/സഹ നമ്പർ ഉത്തരവ് പ്രകാരം മൂന്നംഗ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ജി) | പ്രസ്തുത ബാങ്കിൽ നിന്ന് ക്രമക്കേട് നടത്തിയ തുക സമയബന്ധിതമായി വീണ്ടെടുക്കുന്നതിന് ഒരു | (ജി) | പ്രസ്തുത ബാങ്കിൽ നിന്ന് ക്രമക്കേട് നടത്തിയ തുക സമയബന്ധിതമായി വീണ്ടെടുക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | സ്പെഷ്യൽ റിക്കവറി ഓഫീസറെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | | നടപടികൾ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ